# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5660     02.07.2019-ന് മറുപടിയ്ക്ക്

### ആംഗ്ലോ ഇന്ത്യൻ ക്ഷേമത്തിനായി എം.എൽ.എ., എം.പി. ഫണ്ട്

**ചോദ്യം**

**ശ്രീ. ജോൺ ഫെർണാണ്ടസ് :**

(എ) ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24.01.2017-ൽ വിളിച്ച ചേർത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത യോഗതീരുമാനങ്ങളിലൊന്നായ ആംഗ്ലോ ഇന്ത്യൻ പ്രതിനിധികളായ എം.എൽ.എ. യുടെയും എം.പി.യുടെയും ഫണ്ടിൽ നിന്നും നിശ്ചിത ശതമാനം തുക സോഷ്യൽ മാപ്പിംഗിലൂടെ ആംഗ്ലോ ഇന്ത്യൻ ഗുണഭോക്താക്കളുടെ ക്ഷേമത്തിനായി ലഭ്യമാക്കണമെന്ന ശിപാർശയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

**മറുപടി**

**ശ്രീ. എ. കെ. ബാലൻ**
(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും

ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24.01.2017 -ൽ നടന്ന യോഗ തീരുമാനങ്ങളിൽ ഐറ്റം നമ്പർ 1, 2 പ്രകാരം വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ആംഗ്ലോ ഇൻഡ്യൻ സമൂഹം വിവിധ തലങ്ങളിൽ സമർപ്പിച്ചിരുന്ന അപേക്ഷകൾ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന് കൈമാറിയിരുന്നു. അതോടൊപ്പം പ്രസ്തുത വിഭാഗത്തിന് ആർട്സ്/സയൻസ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ സംവരണം അനുവദിക്കുന്നതിനെപ്പറ്റി പഠിക്കുന്നതിനായും കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. ഇക്കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് കേരളത്തിലെ ജാതി / സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ സർവ്വേ റിപ്പോർട്ടും, സർക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ ജാതികൾക്കുള്ള പ്രാതിനിധ്യത്തെക്കുറിച്ചുള്ള വിവരങ്ങളും അത്യന്താപേക്ഷിതമാണ്. ടി വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചു വരുന്നു.

3 -ാമത്തെ ഐറ്റത്തിൽ പറയുന്ന സ്കൂൾ അപ്ഗ്രേഡേഷൻ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം V ചട്ടം 2, 2 എ-യിൽ പ്രതിപാദിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പാലിച്ച് വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തി തുടർ

നടപടികൾ കൈകൊണ്ട് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. നടപടിക്രമങ്ങൾ പാലിക്കാതെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നിലവിൽ അനുമതി നൽകാൻ നിർവ്വാഹമില്ല.

4 -ാമത്തെ ഇനമായ എം.എൽ.എ. ഫണ്ട് വിനിയോഗം ഏതെങ്കിലും പ്രത്യേക ജാതി/മത/സമൂഹത്തിന്റെ ക്ഷേമത്തിന് മാത്രമായി വിനിയോഗിക്കാൻ കഴിയില്ല. എന്നാൽ സ.ഉ(അച്ചടി) നം. 63/2017/ധന തീയതി 12.05.2017, സ.ഉ(അച്ചടി) നം. 75/2017/ധന പ്രകാരം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ് ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആംഗ്ലോ ഇന്ത്യൻ പ്രതിനിധി എം.എൽ.എ -യുടെ ഫണ്ടിൽ നിന്നും ഫണ്ട് ആ വിഭാഗങ്ങൾക്ക് ചെലവഴിക്കണമെന്ന ആവശ്യം പരിഗണിക്കുന്നതിന് ജാതി സെൻസസ്, സോഷ്യൽ മാപ്പിംഗ് എന്നിവ ആവശ്യമാണ്. ഈ വിവരം ലഭ്യമല്ലാത്തതിനാൽ തുടർ നടപടി സാധ്യമായിട്ടില്ല.

5 -ാമത്തെ ഇനമായ ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം പണിയുന്ന ആവശ്യത്തിലേയ്ക്കായി എറണാകുളം ജില്ലയിൽ 25 സെന്റിൽ കുറയാത്ത റവന്യൂ ഭൂമി കണ്ടെത്തി വിവരം സർക്കാരിൽ അറിയിക്കാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജിൽ സർവ്വേ നമ്പർ 300/1 ൽ 50 സെന്റ് റവന്യൂ ഭൂമിയും സർവ്വേ 335/4 ൽ 10.50 ആർ ഭൂമിയും ഉള്ളതായി എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഭൂമിയിൽ അനുയോജ്യമായത് കണ്ടെത്തി ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

6 -ാമത്തെ ഇനമായ കൊല്ലം ജില്ലയിലെ തങ്കശ്ശേരി പ്രദേശത്തെ പോർച്ചുഗീസ് സെമിത്തേരിയുടെ സംരക്ഷണം സംബന്ധിച്ച വിഷയത്തിൽ പുരാവസ്തു വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. മാളയിലെ ജൂത സെമിത്തേരിയും ജൂത സിനഗോഗും പുരാവസ്തു

വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

Bindu.T

സെക്ഷൻ ഓഫീസർ